**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 64** **23-01-2025 - ൽ മറുപടിയ്ക്ക്**

**വയനാട് ദുരന്തത്തിൽപ്പെട്ടവരുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വയനാട്ടിലെ മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ദേശീയ ദുരന്തമായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഭാഗമായി എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുകയെന്ന് വ്യക്തമാക്കുമോ; | (എ) | മേപ്പാടി ഉരുൾപൊട്ടൽ അതിതീവ്ര ദുരന്തമായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി Scheme for Special Assistance to States for Capital Investment(SASCI) പദ്ധതി വഴി ഇതു വരെ കേരളത്തിന് ലഭിച്ച തുകയുടെ 50% അധികമായി ദുരന്ത നിവാരണത്തിനും, ദുരന്ത ബാധിത മേഖലയിലെ പുനർ നിർമ്മാണത്തിനും ആവശ്യപ്പെടാൻ സാധിക്കും. അതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ദുരന്തത്തിൽപ്പെട്ടവരുടെ പുനരധിവാസത്തിനായി പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ കേന്ദ്രസർക്കാരിന്റെ പ്രതികരണം ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | മുണ്ടക്കൈ - ചൂരൽമല ദുരന്തവുമായി ബന്ധപ്പെട്ട് വിശദമായ മെമ്മോറാംണ്ടം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെയും മറ്റു വകുപ്പുകളുടെയും സാങ്കേതിക പങ്കാളിത്തത്തോടെ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പോസ്റ്റ് ഡിസാസ്റ്റർ നീഡ്സ് അസ്സെസ്സ്മെന്റ് (PDNA) നടത്തുകയും സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇക്കാര്യങ്ങളിൽ സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | മുണ്ടക്കൈ - ചൂരൽമല ദുരന്തവുമായി ബന്ധപ്പെട്ട് വിശദമായ മെമ്മോറാംണ്ടം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെയും മറ്റു വകുപ്പുകളുടെയും സാങ്കേതിക പങ്കാളിത്തത്തോടെ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പോസ്റ്റ് ഡിസാസ്റ്റർ നീഡ്സ് അസ്സെസ്സ്മെന്റ് (PDNA) നടത്തുകയും സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ